● ലേഖനം ●

# ജിഹാദ് അൺലിമിറ്റഡ്

● സീതി

**യുദ്ധത്തിൽ പോലും സ്ത്രീകളെ ആക്രമിക്കരുതെന്നത് ഇസ്ലാമിലെ നിയമമാണ്. സ്ത്രീകൾ ഉൾപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ വനിതാ പോലീസ് ഉണ്ടായിരിക്കണമെന്ന് നമ്മുടെ നാട്ടിലെ സെക്യുലർ നിയമവും കണിശമായി നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നവസാമൂഹിക ജിഹാദിന് ഇതൊന്നും ബാധകമല്ല. നടുറോഡിൽ മുസ്ലിം സ്ത്രീയെ ക്രിക്കറ്റ് ബാറ്റ് കൊണ്ട് അടിച്ചുവീഴ്ത്തി പണവും യാത്രാരേഖകളും കവർച്ച ചെയ്താലും പ്രശ്നമില്ല. അടുത്ത ആഴ്ച ആയത്തുകളുദ്ധരിച്ച് ലേഖനങ്ങളിറങ്ങിക്കൊള്ളും.**

**തൊണ്ണൂറുകളുടെ** തുടക്കത്തിൽ ശക്തിപ്പെടുകയും ബാബരിമസ്ജിദിന്റെ തകർച്ചയോടുകൂടി പാരമ്യത്തിലെത്തുകയും ചെയ്ത ഹിന്ദുത്വ ഫാഷിസത്തിന്റെ രക്ത രഥയോട്ടം ഇന്ത്യയിലെ മുസ്ലിം മനസ്സിൽ സൃഷ്ടിച്ച ആഘാതം ബഹുദിശയിലുള്ളതായിരുന്നു. മാപ്പുസാക്ഷിത്വവും ഭീതിയും ഉൾവലിയലുമാണ് അത് ഒരു വിഭാഗത്തിൽ സൃഷ്ടിച്ച പ്രതികരണമെങ്കിൽ തിരിച്ചടിയുടെയും പ്രതികാരത്തിന്റെയും സമീപനം സ്വീകരിക്കണമെന്ന ആശയം പങ്കുവെക്കുന്നവരും വ്യാപകമായി ഉയർന്നുവന്നു. ഈ വികാരം പങ്കുവെക്കുന്ന വലിയൊരു വിഭാഗം കേരളത്തിലുമുണ്ടായിരുന്നു. ഈ സന്ദർഭം മുതലെടുത്ത്, വൈകാരിക അവസ്ഥയെ സംഘടിത രൂപമാക്കിമാറ്റി സ്ഥാപിക്കപ്പെടുകയും വളരുകയും ചെയ്ത കേരളത്തിലെ സംഘടനകളിൽ പ്രധാനമാണ് ദേശീയ വികസന മുന്നണി.

എൻ.ഡി.എഫ് സ്ഥാപിക്കുന്നതിന്റെയും അതിന്റെ ആശയരൂപീകരണത്തിന്റെയും പശ്ചാത്തലത്തെയും പ്രയോഗ രീതികളെയും കുറിച്ച് *പ്രബോധന*ത്തിന്റെ കോളത്തിലൂടെ തന്നെ പലതവണ വിശദീകരിക്കപ്പെട്ടതാണ്. നാഥനില്ലാതെ പോകുന്നു എന്നു തോന്നിയ സന്ദർഭത്തിൽ മുസ്ലിം ചെറുപ്പക്കാർക്ക് മുന്നിൽ നെഞ്ച് വിരിച്ച ധീരപൗരുഷത്തിന്റെ പ്രതീകമായി സ്വയം അവതരിക്കുകയായിരുന്നു എൻ.ഡി.എഫ്. നാളെ മറ്റന്നാൾ കൂട്ടക്കശാപ്പിന് ഇരയാകാൻ പോകുന്ന ഈ സമുദായത്തെ രക്ഷിക്കാൻ നമുക്ക് എൻ.ഡി.എഫ് അല്ലാതെ മറ്റു വഴികളില്ല എന്ന് നിശ്ചയിച്ചുറപ്പിക്കുന്നതായിരുന്നു ആശയപ്രചാരണങ്ങൾ. ഇസ്ലാമിക കർമശാസ്ത്രങ്ങളെ മുടിനാരിഴ കീറി ഗവേഷണം നടത്തി, അത് വിശദീകരിക്കാൻ സമ്മേളനങ്ങൾ സംഘടിപ്പിച്ച്, സമ്മേളനങ്ങൾക്ക് മറുപടി പറഞ്ഞ്, അവയെല്ലാം സീഡിയിലാക്കി എൽ.സി.ഡിയിൽ പ്രദർശിപ്പിച്ച് മതനേതൃത്വം സ്വയം അഭിരമിച്ചുകൊണ്ടിരിക്കെ ചടുലതയുള്ള ചെറുപ്പക്കാരായ അനുയായികളിൽ നല്ലൊരു പങ്ക് ഷൂസും കോട്ടുമണിഞ്ഞ് ഫ്രീഡം പരേഡ് നടത്താൻ പോയത് പലരുമറിഞ്ഞില്ല. ആർ.എസ്.എസ്സിന്റെയും അനുബന്ധ ക്രിമിനൽ സംഘടനകളുടെയും മുസ്ലിംവിരുദ്ധ നീക്കങ്ങൾക്ക് എൻ.ഡി.എഫ് എന്ന ആശയരൂപീകരണത്തിന് എത്രത്തോളം പങ്കുണ്ടോ അത്ര തന്നെ പങ്ക് പരമ്പരാഗത മുസ്ലിം നേതൃത്വത്തിനുമുണ്ട് എന്നതാണ് യാഥാർഥ്യം. അണികളിലെ ആൺകുട്ടികളിൽ പലരെയും അടുത്ത ദിവസം കാണാതായപ്പോൾ തീവ്രവാദവിരുദ്ധ ഫത്വകളും പ്രസ്താവനകളുമായി രംഗത്തിറങ്ങുകയായിരുന്നു മതനേതൃത്വം. തുടക്കത്തിൽ അതും മൗദൂദിയുടെ മേൽ കെട്ടിയേൽപിക്കാൻ പണിപ്പെട്ടു നോക്കിയെങ്കിലും മൗദൂദിയും പറഞ്ഞിരുന്നാൽ കാര്യം നടക്കില്ലെന്ന് കണ്ടപ്പോൾ യാഥാർഥ്യത്തിലേക്ക് കടക്കുകയായിരുന്നു.

അപ്പുറത്ത് എൻ.ഡി.എഫ് അതിന്റെ പ്രവർത്തനങ്ങളും സാമാന്യം ചിട്ടയായി സംഘടിപ്പിച്ചു. വെട്ടും കുത്തും കൊലപാതകവും ഒളിച്ചോട്ടവും എല്ലാം മുറക്ക് നടന്നു. ചെറുതും വലുതുമായ പോലീസുദ്യോഗസ്ഥർക്കെല്ലാം കൊടുക്കേണ്ടത് കുശാലായി കൊടുത്തു. പണം എങ്ങുനിന്നെല്ലാമോ ഒഴുകിയെത്തി. സാദാ പ്രവർത്തകൻ പോലും ബൈക്കും മൊബൈൽ ഫോണുമായി അങ്ങോട്ടുമിങ്ങോട്ടും പറപ്പിച്ച് ജിഹാദ് കലകലക്കി. സമുദായത്തിലെ പ്രമാണിമാർക്ക് സംരക്ഷണം നൽകാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തു. അന്യമതസ്ഥരോടൊപ്പം ഒളിച്ചോടിപ്പോകുന്ന മുസ്ലിം പെൺകുട്ടികളെ സാഹസികമായി മോചിപ്പിച്ചു. ഒരേസമയം സേട്ടു സാഹിബിനെയും കുഞ്ഞാലിക്കുട്ടിയെയും മുരളീധരനെയും കൈയിലെടുക്കാനുള്ള അസാധാരണമായ മെയ്വഴക്കം സ്വായത്തമാക്കി. ഇസ്ലാമിക പ്രസ്ഥാനത്തെ മതേതരദാസ്യം ബാധിച്ച എസ്റ്റാബ്ലിഷ്മെന്റേറിയൻസ് എന്ന് പരക്കെ ആക്ഷേപിക്കുമ്പോഴും ആണ്ടോടാണ്ട് സ്വാതന്ത്ര്യ

ദിനത്തിൽ ദേശീയ പതാക പൊക്കി കവാത്ത് നടത്തി സല്യൂട്ടടിച്ച് ജിഹാദിന് പുതിയ നിർവചനം നൽകി.

ഖിതാലിനെക്കുറിച്ചും ജിഹാദിനെക്കുറിച്ചുമുള്ള പ്രമാണങ്ങൾ തങ്ങളുടെ കേരളാ ജിഹാദിനനുസരിച്ച് നിർബാധം വ്യാഖ്യാനിച്ചു. യാഥാർഥ്യം അങ്ങനെയല്ലല്ലോ എന്ന് ചൂണ്ടിക്കാണിച്ച പണ്ഡിതന്മാരെയും പ്രസ്ഥാനനേതാക്കളെയും പേടിത്തൊണ്ടൻ ഐസ്ക്രീം പണ്ഡിതന്മാർ എന്ന പട്ടം നൽകി ആദരിച്ചു. അവരെ നവകൊളോണിയലിസത്തിന്റെ ദീനം ബാധിച്ചവരായി കണ്ടു; ജിഹാദിനെ മുക്കിയ മിർസാ ഗുലാം ഖാദിയാനിയോട് വരെ സമീകരിക്കുന്ന പ്രവണതയുണ്ടായി. 'സ്വന്തം രാജ്യമില്ലാതെ, തകർന്ന സമൂഹങ്ങളായി പരിവർത്തനം ചെയ്യപ്പെടുന്ന ഈ ജനവിഭാഗങ്ങൾ സ്വദേശത്തിന് വേണ്ടി ഭരണകൂടത്തിന്റെ അഭാവത്തിൽ പോരാടുന്നത് കുറ്റകരമാണെന്ന ധാരണ പരത്താൻ പുതിയ പ്രത്യയശാസ്ത്രം ചമക്കുന്നവർ ആരോടെങ്കിലും ധാരണയിലെത്തിയിട്ടുണ്ടോ ആവോ? സമാനമായ ഒരു രാഷ്ട്രീയ സാഹചര്യത്തിലായിരുന്നല്ലോ അഭിനവ വ്യാജൻ മിർസാ ഗുലാം അഹ്മദ് രംഗത്തുവന്നത്. ബ്രിട്ടീഷുകാർ കനിഞ്ഞരുളിയ പ്രവാചകത്വത്തിന്റെ തിണ്ണബലത്തിൽ അയാൾ ജിഹാദ് ദുർബലമാക്കി. വെള്ളക്കാരന് ഇന്നിപ്പോൾ ഒരു പ്രവാചകനെ കൊണ്ടുവരാനുള്ള അധ്വാനമൊന്നും വേണ്ട. ഖാദിയാനിയെ തള്ളിപ്പറയുന്നവർ തന്നെ അയാളുടെ ആഗമനോദ്ദേശ്യം പൂർത്തിയാക്കിക്കൊടുക്കുന്നു' (എ. സഈദ്, *തേജസ്* ദ്വൈവാരിക, ഒക്ടോബർ 16-31, 2007)

ഹമാസ്, ഹിസ്ബുല്ല, ചെച്നിയൻ മുജാഹിദുകൾ എന്നിവരോടൊത്ത് തങ്ങളെ സ്വയം പ്രതിഷ്ഠിക്കുന്ന സൈദ്ധാന്തിക കറിക്കൂട്ടുകൾ തയാറായി. അങ്ങനെ തങ്ങൾ ഖാലിദ് മിശ്അൽ, ഹസൻ നസ്റുല്ല, ജൗഹർ ദുദയേവ് തുടങ്ങിയവരെപ്പോലെയാണെന്ന് നേതാക്കൾക്ക് തോന്നിത്തുടങ്ങി. അതിനനുസരിച്ച സെക്യൂരിറ്റിയും വാഹന സംവിധാനങ്ങളും ഏർപ്പെടുത്തി.

'വർത്തമാനകാലത്തെ ചെറുത്തുനിൽപിന്റെ സവിശേഷതകൾ നിരീക്ഷിക്കുന്ന ആർക്കും മക്കാവാദത്തിന്റെ നവകൊളോണിയൽ അജണ്ട വ്യക്തമാവും. ഇന്ന് ലോകത്തുള്ള എല്ലാ ചെറുത്തുനിൽപുകളും അന്താരാഷ്ട്ര നിയമത്തിന്റെ സാങ്കേതിക പദമുപയോഗിച്ച് പറഞ്ഞാൽ ഭരണകൂട ബാഹ്യമായ (നോൺ-സ്റ്റേറ്റ് പാർട്ടീസ്) പ്രസ്ഥാനങ്ങളാണ്. റഷ്യൻ അധിനിവേശത്തിനെതിരെ വിട്ടുവീഴ്ചയില്ലാതെ പടപൊരുതുന്ന ചെചൻകാരായാലും അഫ്ഗാനിസ്താനിലെ താലിബാനായിരുന്നാലും ഫലസ്ത്വീനിലെ ഹമാസാണെങ്കിലും ഇറാഖിലെ പ്രതിരോധ മുന്നണിയായാലും എല്ലാം നോൺ-സ്റ്റേറ്റ് പാർട്ടികൾ തന്നെ. ഭരണകൂട ബാഹ്യമായ ഗ്രൂപ്പുകളോ സംഘടനകളോ ആണ് പൊതുവിൽ അധിനിവേശത്തിനെതിരിൽ പോരാടുന്നതിൽ മുമ്പും മുന്നിൽ നിന്നത്. (കലീം, *തേജസ്* ദ്വൈവാരിക, ഒക്ടോബർ 16-31, 2007) നോൺ-സ്റ്റേറ്റ് പാർട്ടിയായ ഞങ്ങളും ഇതാ ഹമാസിനൊപ്പം എന്നാണ് ലേഖകൻ പറയുന്നത്. എന്നാൽ ഹമാസാകട്ടെ, ചെച്നിയൻ പോരാളികളാകട്ടെ, ഹിസ്ബുല്ലയാകട്ടെ, താലിബാനാകട്ടെ ആരും അവരുടെ ജിഹാദിനെ ഒരിക്കൽ പോലും പൊതുസമൂഹത്തിലോ മാധ്യമങ്ങൾക്ക് മുമ്പിലോ ഡിസ്‌ക്ലയിം ചെയ്തിട്ടില്ല എന്നതാണ് യാഥാർഥ്യം. ഒരു ഓപറേഷൻ നടത്തിയാൽ, അതിൽ എത്ര പേർ കൊല്ലപ്പെട്ടാലും ശരി, ധീരതയോടെ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നവരാണ് മേൽ പറഞ്ഞവരെല്ലാം. ആണത്തവും ഉത്തരവാദിത്വവും സത്യസന്ധതയുമുള്ള ജിഹാദാണ്, വിമോചന സമരമാണ് അത്. സാദാ കോൺസ്റ്റബ്ൾ തൊട്ട് ആഭ്യന്തരമന്ത്രി വരെയുള്ളവരെ പല വിധത്തിൽ സ്വാധീനിച്ചും പ്രീണിപ്പിച്ചും കേസിൽനിന്ന് രക്ഷപ്പെടുന്ന, ഞങ്ങളൊന്നും ചെയ്തിട്ടില്ലേയെന്ന് പത്രസമ്മേളനം വിളിച്ച് പറയുന്ന ഭീരുത്വത്തെയും ഹമാസിന്റെ ജിഹാദിനെയും താരതമ്യം ചെയ്യുന്നത് വല്ലാത്തൊരു തമാശ തന്നെ. ഇസ്രയേലിന്റെ സ്വാതന്ത്ര്യദിനത്തിൽ അവരുടെ കൊടി പൊക്കി സല്യൂട്ടടിക്കുന്ന ഹമാസിനെയും നമ്മളിതുവരെ കണ്ടിട്ടില്ല. റഷ്യൻ പതാക ഉയർത്തി, റഷ്യൻ ദേശീയഗാനം ചൊല്ലി, റഷ്യൻ സ്വാതന്ത്ര്യദിന സന്ദേശം നൽകുന്ന ഒരു സുപ്രീം കൗൺസിൽ അംഗവും ചെച്നിയൻ വിമോചന പ്രസ്ഥാനത്തിലുള്ളതായി അറിവില്ല. ഇസ്രയേൽ ആഭ്യന്തര മന്ത്രിയാകാൻ പോകുന്നയാളെ തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കാൻ ഹമാസിന്റെ ഒരു പത്രവും ബഹുവർണ മുഴുപ്പേജ് പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല.

ഇസ്‌ലാമിക പ്രവർത്തനങ്ങൾക്കും സമൂഹങ്ങൾക്കുമുണ്ടാവേണ്ട മുൻഗണനകളെക്കുറിച്ച പാഠങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഇസ്‌ലാമിക പ്രസ്ഥാനം ഇവരുടെ ജിഹാദിന്റെ പൊള്ളത്തരം ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിച്ചത്. ഒരു ബഹുമത സമൂഹത്തിൽ പാലിക്കേണ്ട സാമൂഹിക മര്യാദകളെക്കുറിച്ച് അത് ജനങ്ങളെ ബോധ്യപ്പെടുത്തി. ഇസ്‌ലാമിനെക്കുറിച്ച് ബോധപൂർവവും അല്ലാത്തതുമായ പലവിധ പ്രചാരണങ്ങൾ നടക്കവെ, ആ പ്രചാരണങ്ങൾക്ക് അടിപ്പെട്ട് രൂപപ്പെട്ട അങ്ങേയറ്റം പ്രതിലോമപരമായ സാമൂഹിക മനസ്സും നാം കണക്കിലെടുക്കണം എന്ന് അത് ഓർമപ്പെടുത്തി. അതോടൊപ്പം സൈദ്ധാന്തികമായും പ്രായോഗികമായും ഇസ്‌ലാമിനെ അഭിമാനപൂർവം ഉയർത്തിപ്പിടിക്കുന്ന ചെറുസമൂഹത്തെയെങ്കിലും വളർത്തിയെടുത്തു. നീതിക്കു വേണ്ടി നിലകൊള്ളുന്നവർ, ജനങ്ങൾക്ക് മാതൃകാ സാക്ഷികൾ തുടങ്ങിയ മുസ്‌ലിംകളെക്കുറിച്ച ഖുർആന്റെ വിശേഷണങ്ങൾക്ക് അനുസരിച്ച് ഉയർന്നു നിൽക്കാൻ അത് മുസ്‌ലിം സമൂഹത്തെ പ്രേരിപ്പിച്ചു. ജനാധിപത്യ സമൂഹത്തിൽ എങ്ങനെയാണ് നീതിയുടെ പോരാളിയാവുക എന്നതിന്റെ ഗ്രാമർ സ്വയം ഉൾക്കൊള്ളുന്ന സംവിധാനങ്ങളും സമരങ്ങളും രൂപപ്പെടുത്തി. നമ്മൾ ചില സാമൂഹിക യാഥാർഥ്യങ്ങൾ കണക്കിലെടുക്കണം. നിൽക്ക്, എല്ലാവരും ചാടി പെട്ടെന്നങ്ങ് ഹമാസാകല്ലേ എന്ന് ഓർമപ്പെടുത്തി.

ഈ ആശയങ്ങളെയും പ്രായോഗിക പദ്ധതികളെയും കുറിക്കുന്നതിന് ദഅ്‌വത്ത് എന്ന ഇസ്‌ലാമിക ജ്ഞാനശാഖയിലെ പ്രചുരമായ പദാവലിയാണ് പലപ്പോഴും ഉപയോഗിച്ചത്. നിലനിൽക്കുന്ന സാമൂഹിക അവസ്ഥകളിൽ, ചരിത്ര സന്ദർഭത്തിൽ ഇസ്‌ലാമിന്റെ ഏറ്റവും ശരിയായ പ്രതിനിധാനം എന്നതാണ് ദഅ്‌വത്ത് എന്ന ആശയം കൊണ്ട് ഇസ്‌ലാമിക പദാവലിയിൽ ഉദ്ദേശിക്കപ്പെടുന്നത്. അതിനെ ആത്മാവിൽ ഉൾക്കൊണ്ടു കൊണ്ടുള്ളതാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തന പദ്ധതികൾ. അന്യമതസ്ഥർ മാത്രമല്ല, സ്വസമുദായത്തിൽ പിറന്ന് ഭൗതിക ദർശനങ്ങളിൽ പെട്ടുപോയ ആയിരങ്ങൾക്കും സത്യദീനിന്റെ വെളിച്ചം കണ്ടെത്താൻ പര്യാപ്തമാകുന്നതായിരുന്നു അതിന്റെ പ്രവർത്തനങ്ങൾ.

തമാശയെന്ന് പറയട്ടെ, ദഅ്‌വത്ത് എന്ന് പറഞ്ഞാൽ ഹിന്ദുക്കളെ പിടിച്ച്

കലിമ ചൊല്ലിച്ച് വിടുന്ന പണിയാണെന്ന് ധരിച്ചു പോയ എൻ.ഡി.എഫ് സൈദ്ധാന്തികൻ അതിനെതിരെയും വില്ലുകുലച്ചിരിക്കുന്നു. 'പ്രബോധനം മുസ്‌ലിമിന്റെ പ്രഥമ ബാധ്യതയാണോ എന്ന അക്കാദമികമായ തലത്തിൽ ഒരു ചർച്ചക്കിവിടെ പ്രസക്തിയില്ല. എന്നാലും ഖുർആനിൽ നമസ്കാരം, നിർബന്ധ ദാനം എന്നിവക്കോ വാളോ പേനയോ ഉപയോഗിച്ച് നടത്തുന്ന സമരമോ വയലേലകളിലെ കഠിനാധ്വാനമോ ഏതുമാവട്ടെ, ജിഹാദിന് നൽകുന്ന പ്രാധാന്യം പ്രബോധനത്തിനില്ല. ഖുർആനിൽ സന്ദേശമെത്തിക്കുന്നതു സംബന്ധിച്ചു വന്നിരിക്കുന്ന മൂന്നോ നാലോ സൂക്തങ്ങൾ നേർക്കുനേരെയുള്ളതല്ല. അവസാന ഹജ്ജിൽ പ്രവാചകൻ നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ ഒരു ഭാഗത്ത്, ഹാജരായിട്ടുള്ളവൻ ഹാജരില്ലാത്തവർക്ക് എത്തിച്ചുകൊടുക്കട്ടെ എന്ന നിർദേശം തന്നെ പ്രബോധനം നിർബന്ധ ബാധ്യതയാണെന്ന് സൂചിപ്പിക്കുന്നില്ല' (കലീം, *തേജസ്* ദ്വൈവാരിക, ഏപ്രിൽ 01-15, 2008)

അദ്ദേഹം അവിടം കൊണ്ടും നിർത്തിയില്ല. മുസ്‌ലിം സംഘടനാ ഓഫീസുകളിലേക്ക് ഒരു കിടിലൻ ചോദ്യാവലി തയാറാക്കി അയച്ചു. തങ്ങളുടെ കീഴിലെ ഗവേഷണ സ്ഥാപനത്തിന്റെ വമ്പനൊരു ഗവേഷണ പദ്ധതിയെന്ന നിലക്കാണ് ആസ്ഥാന ഗവേഷകനെക്കൊണ്ട് ചോദ്യാവലി ഉണ്ടാക്കിപ്പിച്ച് സംഘടനാ ഓഫീസുകളിലേക്ക് അയച്ചത്. തമാശകളുടെ ഒരു സർവവിജ്ഞാനകോശമാണ് പ്രസ്തുത ചോദ്യാവലി. എത്ര പേരെ നിങ്ങൾ മുസ്‌ലിംകളാക്കി, 2001ൽ എത്ര? 2002ൽ എത്ര? 2003ൽ എത്ര?..... ഇസ്‌ലാം സ്വീകരിച്ചവരെ എവിടെ താമസിപ്പിക്കുന്നു? ആളുകളെ ഇസ്‌ലാമാക്കാൻ എത്ര പണം ചെലവഴിക്കുന്നു? അത് നിങ്ങളുടെ സംഘടനാ ബജറ്റിന്റെ എത്ര ശതമാനം വരും? ടോട്ടൽ സംഘടനാ ബജറ്റ് എത്ര? എന്നു തുടങ്ങി ആളെ ശരിക്കും കുഴച്ചു കളയുന്ന ചോദ്യങ്ങൾ. അത്യാവശ്യം കോമൺ സെൻസുള്ളവരാണ് സംഘടനാ ഓഫീസിൽ ഇരിക്കുന്നത് എന്നതിനാൽ സ്വാഭാവികമായും ഈ ചോദ്യാവലികൾ അവഗണിക്കപ്പെട്ടു. ഉടനെ വന്നു ഗവേഷണ ഫലം. ഈ ഇസ്‌ലാമിക പ്രസ്ഥാനമെന്നും ഇസ്‌ലാമിക പ്രബോധനമെന്നുമൊക്കെ ചുമ്മാ പറയുകയാണ്. എല്ലാവരും ആത്മവഞ്ചനയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് ദഅ്‌വത്ത് എന്ന് പേര് വിളിക്കുന്നുവെന്നേയുള്ളൂ! വല്ലതും ചെയ്യുന്നുണ്ടെങ്കിൽ റസീതും വൗച്ചറും വെച്ച് ഞങ്ങൾക്കു മുമ്പിൽ ബോധിപ്പിക്കണ്ടേ!

അത് അവിടെയിരിക്കട്ടെ. നമുക്ക് ഇങ്ങനെയും ഒരു ഗവേഷണം ആകാം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്റ്റീവ് സ്റ്റഡീസ് എന്നതു പോലെ നമ്മളും ഒരു ഗമണ്ടൻ ലെറ്റർ പാഡുണ്ടാക്കുന്നു. അതിന് ഒരു മുഴുസമയ ഗവേഷകനെ ശമ്പളം കൊടുത്തു നിർത്തുന്നു. അയാൾ ഒരു ചോദ്യാവലി ഉണ്ടാക്കി എൻ.ഡി.എഫ് ആപ്പീസിലേക്കയക്കുന്നു. നിങ്ങൾ ജിഹാദിന്റെ ഭാഗാമായി എത്ര പേരെ കൊന്നു? എത്ര പേരെ വെട്ടി? അതിൽ ഹിന്ദുവെത്ര? ക്രിസ്ത്യനെത്ര? മറ്റു സംഘടനകളിൽ പെട്ട മുസ്‌ലിംകളെത്ര? 2001 ൽ എത്ര? 2002-ൽ?.... നിങ്ങൾ ബോംബിന് ചെലവാക്കുന്ന തുക എത്ര? വാളിന് ചെലവാക്കുന്നത്? ക്രിക്കറ്റ് ബാറ്റിന് ചെലവാക്കുന്നത്? അത് ടോട്ടൽ സംഘടനാ ബജറ്റിന്റെ എത്ര ശതമാനം? ടോട്ടൽ സംഘടനാ ബജറ്റ് എത്ര?... മറുപടി കിട്ടുമെങ്കിൽ നല്ലത്. കിട്ടിയില്ലെങ്കിൽ, ങ്ഹാ! ഇവർ ചുമ്മാ ജിഹാദെന്നും ഹമാസെന്നും പറഞ്ഞിരിക്കുക മാത്രമാണ്; ശരിക്കും കോംപ്ലാൻ ബോയ്സ് എന്നൊരു ഗവേഷണ പ്രബന്ധം കവർസ്റ്റോറിയായി കാച്ചിയാൽ എങ്ങനെയിരിക്കും!

അതാണ് സുഹൃത്തേ പുതിയ കാലത്തെ പത്രപ്രവർത്തനം. അതെക്കുറിച്ച് അൽപം.

ജിഹാദിന് വേണ്ടിയാണ് ഉണ്ടാക്കിയതെങ്കിലും കൈയിൽ പണവും പിന്നിൽ അൽപം ആളുകളും വന്നു നിറന്നപ്പോൾ സംഗതി ഒരു സമ്പൂർണ സംഘടനയാക്കാം എന്നു തന്നെ അവർ വെച്ചു. അങ്ങനെ കുട്ടികൾക്കും പെണ്ണുങ്ങൾക്കുമെല്ലാം സംഘടനയുണ്ടായി. ഉത്തരവാദപ്പെട്ട മുസ്‌ലിം സംഘടനകൾ ഒന്നിച്ച് നിന്ന് ഗൗരവത്തിൽ പ്രശ്നത്തെ സമീപിച്ചപ്പോൾ തോണ്ടൽ മാന്തൽ വെട്ടിപ്പാച്ചിൽ ജിഹാദിന് അൽപം ശമനം വന്നു. പിന്നെ കാര്യമായ ശ്രദ്ധ സമൂഹ വിവാഹങ്ങൾ സംഘടിപ്പിക്കുന്നതിലായി. അഖിലേന്ത്യാ-സംസ്ഥാന നേതാക്കളുടെ തന്നെ സാന്നിധ്യത്തിൽ നാടുനീളെ വിവാഹമേളകൾ സംഘടിപ്പിച്ച് പത്രത്തിൽ കളർ പടം കൊടുത്തു. കൂടുതൽ മുസ്‌ലിം പൊതുമനസ്സിലേക്ക് കയറിപ്പറ്റാനുള്ള അൽപം കൂടി ഗൗരവമായ ശ്രമങ്ങൾ. കർണാടകത്തിലും തമിഴ്നാട്ടിലും ഘടകങ്ങൾ സ്ഥാപിക്കാൻ സാധിച്ചു. തമിഴ്നാട്ടിൽ സ്ഥാപകനേതാവ് ഏതാനും മാസങ്ങൾക്കകം രാജിവെച്ചുപോയെങ്കിലും കുഴപ്പമില്ലാതെ പിടിച്ചുനിൽക്കുന്നു. കൊടിക്കാൽ ശൈഖ് അബ്ദുല്ലയെ പോലുള്ള വന്ദ്യവയോധികരെപ്പോലും സംഘടനയിലേക്ക് ക്ഷണിച്ചെങ്കിലും ജിഹാദിന്റെ അർഥരാഹിത്യം പറഞ്ഞ് അദ്ദേഹം തിരിച്ചയക്കുകയായിരുന്നു. പ്രതിരോധ പ്രസ്ഥാനമായല്ല, നവസാമൂഹിക പ്രസ്ഥാനമായാണ് പലേടത്തും സംഘടനയെ പരിചയപ്പെടുത്തുന്നത്.

എസ്റ്റാബ്ലിഷ്മെന്റിനെ എതിർത്തുകൊണ്ടാണ് സംഘടന നിലവിൽ വന്നതെങ്കിലും എങ്ങനെ ഏറ്റവും നല്ല എസ്റ്റാബ്ലിഷ്മെന്റാകാം എന്ന് കുറഞ്ഞ കാലം കൊണ്ട് തന്നെ അത് തെളിയിച്ചു. അങ്ങനെ ആദിയിൽ പത്രമുണ്ടായി. പ്രവർത്തകരെ ഉപയോഗിച്ച് നാടുകുലുക്കി പ്രചാരണം നടത്തി. പ്രചാരണം സ്വന്തം പത്രത്തെക്കുറിച്ചെന്നതിലുപരി മറ്റൊരു പത്രത്തിന്റെ വരാനിരിക്കുന്ന പരാജയത്തെക്കുറിച്ചായിരുന്നു. ആ പത്രത്തിന്റെ ആ എഡിഷൻ പൂട്ടും, ഈ എഡിഷൻ നിർത്തേണ്ടിവരും എന്നൊക്കെ പ്രചാരണം നടത്തി അണികളെ ആവേശം കൊള്ളിച്ചു. അവസാനം കുഞ്ഞ് പിറന്നപ്പോൾ ജിഹാദ് പോസ്റ്ററുകളുടെ വീര്യം പോലുമില്ല. നാട്ടിലും മറുനാട്ടിലും ഒരേ സമയം എഡിഷനുകൾ എന്ന് പെരുമ്പറയടിച്ചാണ് തുടങ്ങിയതെങ്കിലും, തുടങ്ങിയ മുംബൈ എഡിഷൻ വരെ ആഴ്ചകൾ കൊണ്ട് പൂട്ടേണ്ടി വന്നു. ഡസ്കുകളില്ലാത്ത എഡിഷനുകളുമായി കാര്യം നടന്നു പോരുന്നു. പാർട്ടി സർക്കുലറിന്റെയും പത്രത്തിന്റെയും എണ്ണം ഏതാണ്ട് തുല്യമായ അവസ്ഥയിലാണിപ്പോൾ. ഈർഷ്യ തീർക്കാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മേക്കിട്ടു കയറുകയായിരുന്നു എപ്പോഴും. മുസ്‌ലിം ആഭ്യന്തര പ്രശ്നങ്ങളിൽ ഇടപെടുകയില്ല എന്ന് പ്രചാരണം നടത്തിയാണ് തുടങ്ങിയതെങ്കിലും അത്തരം കാര്യങ്ങളിൽ നിർലോഭം ഇടപെടുന്നതാണ് പിന്നീട് കണ്ടത്. അതിൽ ഏറ്റവും മുന്തിയ ഇര ഇസ്‌ലാമിക പ്രസ്ഥാനം തന്നെയായിരുന്നു. അക്കാര്യത്തിൽ മികച്ച ഒരു 'അനിയൻ ചന്ദ്രിക' ആവാൻ പത്രത്തിന് ശരിക്കും സാധിച്ചിട്ടുണ്ട്. അങ്ങനെയാണ് ശാന്തപുരം മഹല്ല് പിളരാൻ പോവുന്നു, ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ നേതൃത്വം പാരമ്പര്യവാദികൾ പിടിച്ചെടുത്തു തുടങ്ങിയ 'സ്കൂപ്പു'കൾ ഉണ്ടാവുന്നത്. മലപ്പുറത്തെ ഒരു ബിസിനസ് സംരംഭകന്റെ ദാരുണമായ അന്ത്യത്തെ

പ്പോലും ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരെ നെറികെട്ട അപവാദങ്ങൾ പ്രചരിപ്പിക്കാൻ നിരന്തരം ഉപയോഗിച്ചു. പക്ഷേ, *ചന്ദ്രിക* പത്രം, വലിയ രാഷ്ട്രീയ പാർട്ടിയുടെയും ഭരണകൂടത്തിന്റെയും പിന്തുണയോടെ ദശാബ്ദങ്ങൾ നടത്തിനോക്കിയിട്ടും പരാജയപ്പെട്ട ദൗത്യമാണ് തങ്ങൾ നടത്തിനോക്കുന്നതെന്ന് അവർ അറിഞ്ഞില്ല. ഇസ്‌ലാമിക പ്രസ്ഥാനത്തെ ധാർമികമായി തകർക്കാൻ കഴിയുമോ എന്നതായിരുന്നു അവരുടെ ആലോചന. പക്ഷേ കാര്യം നടന്നില്ല. പ്രസ്ഥാനത്തിന്റെ ജനകീയാടിത്തറ വിപുലപ്പെടുകയായിരുന്നു. അതിന്റെ മാധ്യമ സംരംഭങ്ങൾ കൂടുതൽ ശക്തിപ്പെടുക മാത്രമായിരുന്നു.

അങ്ങനെ ജിഹാദും പത്രപ്രവർത്തനവും വെച്ചടി മുന്നോട്ട്. സാധനം സുഊദി അറേബ്യയിൽ വിതരണം ചെയ്യാൻ പറ്റുന്നില്ല. സുഊദി നമ്മുടെ നാടു പോലെയല്ലല്ലോ. നിയമ-ഔദ്യോഗിക തടസ്സങ്ങൾ ധാരാളം. സാധാരണ ഗതിയിൽ ഇൻഫർമേഷൻ മന്ത്രാലയവുമായി ബന്ധപ്പെട്ട് പേപ്പറുകൾ നീക്കി സാധിക്കേണ്ട കാര്യം. പേപ്പറുകൾ നീക്കിയിട്ടും സാധിക്കുന്നില്ലെങ്കിൽ പിന്നെ എന്തു ചെയ്യും? ജിഹാദ് തന്നെ. സുഊദിയോട് ജിഹാദ് ചെയ്യാൻ ധൈര്യം പോര. ഇവിടുത്തെപ്പോലെ മഹസർ എഴുതുന്ന എ.എസ്.ഐക്കും കേസ് അന്വേഷിക്കുന്ന എസ്.പിക്കും സംതിംഗ് കൊടുത്താൽ നിൽക്കുന്ന കേസല്ല. അടിസ്ഥാന സിദ്ധാന്തമായ ജിഹാദ് കൈയൊഴിക്കാനും പറ്റില്ല. അങ്ങനെയാണ് കാര്യങ്ങൾ തെളിഞ്ഞുവരുന്നത്. സെൻസർഷിപ്പുമായി ബന്ധപ്പെട്ട രിയാദിലെ ഓഫീസിൽ സാദാ ഉദ്യോഗസ്ഥന്റെ തസ്തികതയിൽ ഒരു മലയാളി ഉണ്ട്. വായിൽ വെള്ളം ചവച്ച് കഴിക്കുന്ന ഒരു സാത്വികൻ. അദ്ദേഹത്തെ വിളിച്ച് പകുതി ഭീഷണിയിൽ കാര്യം പറഞ്ഞു. നിയമത്തിന് അപ്പുറം പോകാനറിയാത്ത ആ മനുഷ്യൻ നിയമ പ്രകാരം കാര്യങ്ങൾ ചെയ്തു. അപ്പോൾ പിന്നെ ജിഹാദ് എങ്ങനെ മുന്നോട്ടു പോവും? സുപ്രീം കൗൺസിൽ ആലോചിച്ചു. പ്ലാൻ ഇങ്ങനെ; രണ്ട് സുപ്രീം കൗൺസിലുകൾ സുഊദിയിൽ പോകുന്നു, ലോബീയിംഗ് നടത്തുന്നു. വിഷയം മലയാള പത്രമാണല്ലോ. അതിനാൽ മലയാളമറിയുന്ന ഈ ഉദ്യോഗസ്ഥൻ അങ്ങോട്ടുവരാൻ പാടില്ല. അങ്ങനെ ജിഹാദ് നെറ്റ്‌വർക്ക് ഉണർന്നു പ്രവർത്തിക്കുന്നു. കാസർകോട്ടെ തൃക്കരിപ്പൂരുള്ള ഉദ്യോഗസ്ഥൻ കുടുംബ സമേതം രിയാദിലേക്ക് തിരിക്കുമ്പോൾ നെടുമ്പാശ്ശേരിയിൽ വെച്ച് ഗുണ്ടാ ആക്രമണത്തിന് വിധേയമാവുന്നു. പാസ്പോർട്ടും പണമടങ്ങിയ ബാഗും കവർച്ച ചെയ്യപ്പെട്ടു. ഒപ്പമുണ്ടായിരുന്ന ഭാര്യയെ ക്രിക്കറ്റ് ബാറ്റുകൊണ്ട് അടിച്ചു പരുവമാക്കി. രണ്ടു ദിവസത്തിനകം പ്രതികളെ പൊക്കി. എല്ലാവരും എറണാകുളം ജില്ലയിലെ പല പ്രദേശങ്ങളിൽനിന്നുള്ള എൻ.ഡി.എഫ് പ്രവർത്തകർ. തൃക്കരിപ്പൂരുള്ള ഗൾഫുകാരനെ നെടുമ്പാശ്ശേരിയിൽ വെച്ച് എറണാകുളത്തെ എൻ.ഡി.എഫുകാർ ലക്ഷ്യം വെച്ച് ആക്രമിച്ച് കൊള്ളയടിക്കണമെങ്കിൽ വളരെ കൃത്യമായ ആസൂത്രണവും മേലെ നിന്നുള്ള നിർദേശങ്ങളും വന്നിരിക്കണം. എന്നാൽ പോലീസ് അന്വേഷണം ആ വഴിക്ക് പോവില്ല. ഡയറക്റ്റ് പ്രതികളിൽ ഒന്നു രണ്ടെണ്ണത്തിനെ പൊക്കും. ബാക്കി കാര്യങ്ങൾ നോക്കാനുള്ള ജിഹാദീ ടെക്‌നിക്ക് സംഘടന വശമാക്കിയിരിക്കുന്നു.

ഒരു സംഘടനക്ക് വേണമെങ്കിൽ ഇങ്ങനെയൊക്കെ ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. പക്ഷേ, അതിന് ഖുർആന്റെയും ഹദീസിന്റെയും അകമ്പടി നൽകുമ്പോഴാണ് സംഗതി പ്രശ്നമാകുന്നത്. യുദ്ധത്തിൽ പോലും സ്ത്രീകളെ ആക്രമിക്കരുതെന്നത് ഇസ്‌ലാമിലെ നിയമമാണ്. സ്ത്രീകൾ ഉൾപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ വനിതാ പോലീസ് ഉണ്ടായിരിക്കണമെന്ന് നമ്മുടെ നാട്ടിലെ സെക്യുലർ നിയമവും കണിശമായി നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നവസാമൂഹിക ജിഹാദിന് ഇതൊന്നും ബാധകമല്ല. നടുറോഡിൽ മുസ്‌ലിം സ്ത്രീയെ ക്രിക്കറ്റ് ബാറ്റുകൊണ്ട് അടിച്ചുവീഴ്ത്തി പണവും യാത്രാരേഖകളും കവർച്ച ചെയ്താലും പ്രശ്നമില്ല. അടുത്ത ആഴ്ച ആയത്തുകളുദ്ധരിച്ച് ലേഖനങ്ങളിറങ്ങിക്കൊള്ളും. പാർട്ടി പത്രത്തിന്റെ ലേഖകർ ആക്രമിക്കപ്പെട്ടവരെ അപമാനിച്ചും പച്ചക്കള്ളം പറഞ്ഞും ന്യായീകരണ വാർത്തകൾ നൽകും. സ്വന്തം പാർട്ടി പ്രവർത്തകനായിരുന്ന കരുനാഗപ്പള്ളിക്കാരനെയും ഭാര്യയെയും നടുറോഡിൽ വെട്ടിവീഴ്ത്തിയവർക്ക് സുഊദി ഉദ്യോഗസ്ഥന്റെ ഭാര്യയെ അടിച്ചുവീഴ്ത്താൻ എന്തിനാണ് കയ്യറപ്പ്?

തീവ്രവാദ, രഹസ്യ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രശ്നങ്ങളെക്കുറിച്ച് ധാരാളം സംസാരിച്ച ആളാണ് മൗദൂദി. ഇത്തരം സംഘടനകളെക്കുറിച്ച് അദ്ദേഹം ഉന്നയിച്ച പ്രധാന പ്രശ്നം സുതാര്യതയുടെയും ആഭ്യന്തരജനാധിപത്യത്തിന്റെയും അഭാവമാണ്. എന്തിനു വേണ്ടിയാണോ രൂപീകരിക്കപ്പെട്ടത് അതിന്റെ നേർ വിപരീത ലക്ഷ്യങ്ങളിലേക്ക് സംഘടന പോകും. രഹസ്യാത്മകത, നേതാക്കന്മാർക്ക് തോന്നും പോലെ കാര്യങ്ങൾ ചെയ്യാൻ അവസരങ്ങൾ നൽകും. ജിഹാദ് സ്വന്തം മക്കളെത്തന്നെ കൊന്നു തിന്നുന്ന അവസ്ഥ കൈവരും. അതിന്റെ ചെറിയൊരു ലക്ഷണം മാത്രമാണ് നെടുമ്പാശ്ശേരിയിൽ കണ്ടത്. അത് മുന്നോട്ടു നീങ്ങി സ്വന്തം സംഘടനക്കകത്ത് തന്നെയുള്ള മറുശബ്ദങ്ങളെയും വേറിട്ട സ്വരങ്ങളെയും ഒതുക്കുന്നതിലേക്ക് കാര്യങ്ങൾ നീങ്ങും. ഇത്തരം ജിഹാദിൽനിന്ന് ദൈവം നമ്മെ രക്ഷിക്കട്ടേയെന്ന് പ്രാർഥിക്കുകയേ നമുക്ക് നിർവാഹമുള്ളൂ. ■